LIBRARY ARCHIVES Kerala Legislative Assembly

തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

332 (1389) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) താനൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശപാതയുടെ നിർമ്മാണ പ്രാരംഭ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) തീരദേശ ഹൈവേയുടെ ഭാഗമായി ആശാൻപടി മുതൽ പറവണ്ണ വരെയുള്ള 4.5 കി.മീ. റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചു. റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്താൽ മാത്രമേ ബാക്കി ഭാഗങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ബി&സി) പറവണ്ണ മുതൽ ചീരാൻ കടപ്പുറം വരെയുള്ള അഞ്ച് കിലോമീറ്ററിന്റെയും ആശാൻപടി മുതൽ തെക്കോട്ട് തിരൂർപുഴ വരെയുള്ള 2.0 കിലോമീറ്ററിന്റെയും സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി ലാന്റ് അക്വിസിഷൻ അതോറിറ്റിയുമായുള്ള സംയുക്ത സ്ഥലപരിശോധന പൂർത്തിയായിട്ടുണ്ട്. ചീരാൻ കടപ്പുറം മുതൽ വടക്കോട്ട് ഒട്ടുപുറം വരെയും തിരൂർ പുഴ മുതൽ തെക്കോട്ട് ടാൻസ്റ്റോർമർ റോഡ് വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ ജനങ്ങളുടെ എതിർപ്പുമൂലം തുടങ്ങുവാൻ സാധിച്ചിട്ടില്ല.

(ഡി) ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

പാലോളി കുളമ്പിലും മപ്പാട്ടുകരയിലും പാലങ്ങൾ

333 (1390) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ കുന്തിപ്പുഴക്ക് കുറുകെ വിളയൂർ പഞ്ചായത്തിലെ പാലോളി കുളമ്പിലും കുലുക്കല്ലൂർ പഞ്ചായത്തിലെ മപ്പാട്ടുകരയിലും പുതിയ പാലങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

വിളയൂർ പഞ്ചായത്തിലെ പാലോളി കുളമ്പിലും കുലുക്കല്ലൂർ പഞ്ചായത്തിലെ മാപ്പാട്ടുകരയിലും പാലങ്ങൾ നിർമ്മിക്കുവാൻ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ഫീസിബിലിറ്റി റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ ഡ്രോയിംഗ് തയ്യാറാക്കിവരുന്നു.